• പരിചയം

# കാമ്പസുകളിലെ സാന്ത്വന ചികിത്സ

അബ്ദുൾ ലത്തീഫ്



ഫോട്ടോ : ഡോ. പി.എസ്. ഉണ്ണികൃഷ്ണൻ

**സമൂഹ** പ്രതിബദ്ധമായ വിദ്യാഭ്യാസം എന്ന വീക്ഷണം വിദ്യാഭ്യാസ സങ്കല്പത്തോളം തന്നെ പഴയതാണ്. പാഠ്യവിഷയങ്ങളോടൊപ്പം തന്നെ സാമൂഹിക ഇടപെടലുകൾക്കുള്ള സാധ്യതയും വർദ്ധിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ പലപ്പോഴും വിദ്യാഭ്യാസ ചർച്ചകളുടെ വിഷയമായിരുന്നു. ക്യാമ്പസ് രാഷ്ട്രീയം, നാഷണൽ സർവ്വീസ് സ്കീം, റെഡ്ക്രോസ്, സ്പോർട്സ്, ശാസ്ത്രക്ലബ്ബുകൾ എന്നിങ്ങനെ ഒട്ടനവധി രൂപങ്ങളിൽ ഇത്തരം ഇടപെടലുകളുടെ സാധ്യതകൾ ക്യാമ്പസുകളിൽ നിലവിലുണ്ട്. പഠനം പുസ്തകങ്ങൾക്കപ്പുറത്തുള്ള ഒരു ലോകവും കൂടിയാണെന്ന ധാരണ ക്യാമ്പസുകൾക്ക് അന്യമല്ല. വളരെ ഉത്തരവാദിത്തത്തോടെ തന്നെ സാമൂഹ്യപ്രതിബദ്ധത സാക്ഷാത്കരിക്കുന്ന ക്യാമ്പസ് ജീവിതം ഒരു അപൂർവ്വതയൊന്നുമല്ല. ചൈതന്യവത്തായ ഈ പാരമ്പര്യത്തിന്റെ ഭാഗമായാണ് ക്യാമ്പസുകളിൽ പാലിയേറ്റീവ് കെയർ സംരംഭങ്ങളും വികസിച്ചുവരുന്നത്.

മാറാമാരക രോഗങ്ങൾ കൊണ്ട് ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് പരിചരണവും ആശ്വാസവും നല്കുന്നതിനുള്ള ശ്രമങ്ങളാണ് പാലിയേറ്റീവ് കെയർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിഭവദൗർലഭ്യമോ, വിഭവ വിതരണത്തിൽ പ്രകടമായ അസന്തുലിതാവസ്ഥയോ അനുഭവിക്കുന്ന സമൂഹങ്ങൾ ഉള്ളത് ഓഹരിവയ്ക്കുമ്പോൾ വാദിക്കാനും സ്വാധീനിക്കാനും സാധിക്കാത്ത സമൂഹ ഘടകങ്ങൾക്ക് അവരുടെ പങ്ക് നിഷേധിക്കപ്പെടുന്നത് സാധാരണയാണ്. ഒരു ഞെരുക്കം വരുമ്പോൾ ആദ്യം അവഗണിക്കപ്പെടുക ആരോഗ്യ രംഗവും അതിൽതന്നെ മാറാമാരകരോഗികളുമാണ്. ഉപയുക്തത (utility) ഏതു കാര്യത്തിന്റെയും മാനദണ്ഡമായി പരിഗണിക്കപ്പെടുമ്പോൾ മാറാരോഗികൾക്ക് വേണ്ടി മുതലിറക്കുന്നത് നിഷ്ഫലമായ വിഭവ വിക്ഷേപമായി കണക്കാക്കപ്പെടാം. പലപ്പോഴും രോഗം കൂട്ടമായിട്ടല്ല വരുന്നത് എന്നതുകൊണ്ട് രോഗവും അതിന്റെ ദുരിതങ്ങളും രോഗിയും അടുത്ത ബന്ധുക്കളും മാത്രം അനുഭവിക്കാൻ വിധിക്കപ്പെട്ടതായിത്തീരുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ രോഗവും ദുരിതവും അയാൾക്കും അടുത്ത ബന്ധുക്കൾക്കുമപ്പുറം സമൂഹത്തെ മിക്കപ്പോഴും സ്പർശിക്കുന്നതേയില്ല.

എന്നാൽ രോഗങ്ങളാകട്ടെ രോഗിയുടെ സമൂഹ പശ്ചാത്തലവും പരിതസ്ഥിതി ഘടകങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുതാനും. രോഗങ്ങൾ സമൂഹത്തിന്റെ മൊത്തം ദുരിതാവസ്ഥയുടെ കാല്പാടുകളാണ് എന്ന് വേണമെങ്കിൽ പറയാം.

ഇത്തരമൊരു പശ്ചാത്തലത്തിൽ മാറാമാരകരോഗികളുടെ പരിചരണത്തിൽ പാലിയേറ്റീവ് പരിചരണം വ്യക്തിക്കും രോഗശുശ്രൂഷയുടെ പരിമിതമായ പരിധിക്കുമപ്പുറം അയാളുടെ സാമൂഹ്യാവസ്ഥകൾ അറിയാനും അന്വേഷിക്കാനും അവയിൽ ഇടപെടാനുമുള്ള കൂട്ടായ ശ്രമമാണ്. മുഖ്യധാരയിൽ നിന്നും പല കാരണങ്ങളാലും അകറ്റപ്പെട്ട രോഗികൾക്കും ബന്ധുക്കൾക്കും വിശാലമായ സാമൂഹ്യനീതിയുടെ സാധ്യതകൾ ലഭ്യമാക്കുക എന്നതിന്റെ ഭാഗമായിട്ടാണ് കേരളത്തിന്റെ ഭൂരിഭാഗം പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളും ഇതിനെ കാണുന്നത്.

രോഗിയുടെ ബഹുവിധ പ്രശ്നങ്ങളിൽ ചെറിയൊരു പങ്കിനുമാത്രമേ വൈദ്യശാസ്ത്രപരമായ പരിഹാരങ്ങൾ സാധ്യമാവുകയുള്ളു എന്ന തിരിച്ചറിവാണ് പാലിയേറ്റീവ് ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളെ രോഗങ്ങളുടെയും രോഗശുശ്രൂഷയുടെയും സാമൂഹ്യരാഷ്ട്രീയമാറ്റങ്ങളെക്കുറിച്ചുള്ള ചിന്തകളിലേക്കും പ്രവർത്തിയിലേക്കും നയിക്കുന്നത്. മാറാരോഗികളുടെ കാര്യത്തിൽ ആവശ്യമായ പൂർണ്ണപരിചരണം രോഗി-ഡോക്ടർ-ആശുപത്രി സമവാക്യത്തിലൊതുങ്ങുന്നതല്ല. വൈദ്യസ്ഥാപനങ്ങൾക്ക് പുറത്തുകൂടി ശുശ്രൂഷയുടെ തലങ്ങൾ വ്യാപിപ്പിക്കുന്നതിലൂടെ

മാത്രമേ ഇത്തരം പരിചരണം സാധ്യമാവുകയുള്ളൂ. ഉത്തരകേരളത്തിലെ പാലിയേറ്റീവ് പരിചരണ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം വികസിച്ച് വന്നിട്ടുള്ള Neighbourhood Network in Palliative Care (NNPC) സന്നദ്ധ പ്രവർത്തക സംഘങ്ങൾ ഈ നിലയിൽ രോഗ ശുശ്രൂഷയിലും രോഗ പരിസരങ്ങളുടെ നിരീക്ഷണത്തിലും പരിഹാരത്തിലും വലിയ തോതിലുള്ള ബഹുജനപങ്കാളിത്തം സാദ്ധ്യമാക്കുന്നതിനുള്ള ശ്രമമാണ്. ഓരോ പ്രദേശത്തെയും രോഗ ശുശ്രൂഷയുടെ കാര്യത്തിൽ സാമൂഹ്യമായ ഇടപെടലുകളും അതുവഴി മുൻഗണനാക്രമവും നിർണ്ണയിക്കുക വഴി സമൂഹങ്ങൾക്ക് സ്വയം നിർണ്ണയാവകാശങ്ങൾ കൈവരിക്കുന്നതിനും NNPC ഒരു ഉപാധിയായേക്കാം. ആരോഗ്യരംഗത്ത് ഭരണാധികാരികളുടെ ഉത്തരവാദിത്തങ്ങൾക്ക് ഒരു ബദലായല്ല, മറിച്ച് ഈ മേഖലയിൽ സാമൂഹ്യ അനീതിക്ക് ഇരയായ സമൂഹങ്ങൾക്ക് അവകാശപ്പെട്ട നീതി ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സാധാരണ ജനങ്ങളുടെ സംഘങ്ങളായാണ് NNPC നിലകൊള്ളുന്നത്.

Neighbourhood Network in Palliative Care (NNPC) സംരംഭങ്ങളിൽ പല ക്യാമ്പസുകളിൽനിന്നും ശ്രദ്ധേയമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. എന്നാൽ സാമൂഹ്യപ്രസ്ഥാനങ്ങളിൽ വിദ്യാർത്ഥി സമൂഹത്തിനുള്ള അപാരമായ സാധ്യതകളുടെ ഒരംശം മാത്രമേ ഇന്ന് ഈ വഴിയിൽ ഉപയോഗിക്കപ്പെടുന്നുള്ളൂ. ക്യാമ്പസുകളെ സംബന്ധിച്ചിടത്തോളം അർത്ഥവത്തായ രീതിയിൽ സാമൂഹിക ഇടപെടലുകൾ സാദ്ധ്യമാകാനുള്ള ഒരു രീതി എന്ന നിലയിലേക്ക് പാലിയേറ്റീവ് കെയർ ഒരു പ്രവേശന ബിന്ദുവായി (Entry Point) വികസിപ്പിച്ചുവരാനുള്ള സാദ്ധ്യതകളുണ്ട്. പഠനവും പരിശീലനവും തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ ഉള്ളും പുറവും അറിയാനുള്ള ആയുധമായി ഉപയോഗിക്കാനുള്ള തങ്ങളുടെതായ രീതിയിൽ സമൂഹത്തിന്റെ വിശാല വേദികളെ സ്വാധീനിക്കാനും സ്വയം വളരാനുള്ള അവസരവുമാണത്.

ഈ ലക്ഷ്യങ്ങൾ സാദ്ധ്യമാകുന്ന രീതിയിൽ സ്വതന്ത്രമായി ക്യാമ്പസിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ പുനഃസംവിധാനം ചെയ്യുകയാണ് Palliative Care in Campus ലക്ഷ്യമാക്കുന്നത്.

**പരിപാടികൾ :**

* ക്യാമ്പസുകളിൽ പാലിയേറ്റീവ് പരിചരണത്തെക്കുറിച്ചുള്ള പഠനവും പ്രചാരണവും.
* വിദ്യാർത്ഥി സമൂഹത്തിന്റെ സവിശേഷരീതികൾ ഉപയോഗിച്ച് പൊതുസമൂഹത്തിൽ സാമൂഹ്യാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനവും ബോധവത്ക്കരണ പ്രവർത്തനവും.
* സമീപപ്രദേശങ്ങളിലെ പാലിയേറ്റീവ് സംരംഭങ്ങളുമായും മറ്റ് പൊതുജനാരോഗ്യ സംരംഭങ്ങളുമായും സഹകരണം.
* രോഗികളെ സഹായിക്കൽ
* പാലിയേറ്റീവ് പരിചരണം ഒരു പ്രവേശന ബിന്ദുവാക്കി സമൂഹത്തിന്റെ പൊതുപ്രശ്നങ്ങൾ മനസ്സിലാക്കാനും അവയിൽ അർത്ഥപൂർണ്ണമായി ഇടപെടാനും ശ്രമിക്കുക.
* സാമൂഹ്യനീതിയുടെ വെളിച്ചത്തിൽ ആരോഗ്യപ്രശ്നങ്ങളെ അപഗ്രഥിക്കാനും ഇടപെടാനും വിദ്യാർത്ഥി സമൂഹത്തിന് അവസരമൊരുക്കുക.

*കോ-ഓർഡിനേറ്റർ,*
*പാലിയേറ്റീവ് കെയർ ഇൻ കാമ്പസ്*
*ഇ.എം.ഇ.എ. കോളേജ്, കൊണ്ടോട്ടി, മലപ്പുറം*

### കേരളീയം വരിക്കാരോടുള്ള
## അറിയിപ്പ്

സാങ്കേതികമായ കാരണങ്ങളാൽ കഴിഞ്ഞ രണ്ട് ലക്കങ്ങൾ പ്രസിദ്ധീകരിക്കാനായില്ല.

സെപ്തംബർ–നവംബർ ലക്കങ്ങളൊരുമിച്ച്, സാന്ത്വന ചികിത്സ പ്രത്യേക പതിപ്പായി ഈ ലക്കം കേരളീയം ഇറങ്ങുന്നതിനാൽ സാധാരണ ലഭിച്ച മാറ്ററുകൾ ചേർക്കാനായിട്ടില്ല.

വരിസംഖ്യ പുതുക്കിയും സുഹൃത്തുക്കളെ വരിക്കാരാക്കിയും (വാർഷികം 120 രൂപ) കേരളീയത്തോട് സഹകരിക്കുമല്ലോ.

**കേരളീയം, കൊക്കാല, തൃശൂർ–21.**
**ഫോൺ : 0487–2421385**

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

**കേരളീയം**

**വരിസംഖ്യാനിരക്ക്**
**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 250 രൂപ
- വ്യക്തികൾക്ക് 120 രൂപ
- ആജീവനാന്ത (10 വർഷം) വരിസംഖ്യ 1500 രൂപ
- ട്രസ്റ്റ് അംഗത്വം 5000 രൂപ

**M.O./D.D. അയയ്ക്കുക**

മാനേജർ,
**കേരളീയം**
കൊക്കാലെ, തൃശൂർ - 21
☎ 0487–2421385/2991016
E-mail :
keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി
ഒരു മുഖക്കണ്ണാടി